# വിദ്യാജ്യോതി

**(2020 - 2021)**

## മലയാളം

(വർക്ക്ഷീറ്റ്)

**ക്ലാസ് X**

ജില്ല വിദ്യാഭ്യാസ പരിശീലനകേന്ദ്രം (ഡയറ്റ്)

തിരുവനന്തപുരം



# വിദ്യാജ്യോതി

**മലയാളം**

(വർക്ക്ഷീറ്റ്)

ആദ്യപ്രതി
**ഡിസംബർ 2020**

ലേഔട്ട് & കവർ ഡിസൈൻ
**കല്ലിംഗൽ ഗ്രാഫിക്സ്, ആറ്റിങ്ങൽ**

ആശയവും ആവിഷ്കാരവും
**തിരുവനന്തപുരം ജില്ല പഞ്ചായത്ത്**

ഭരണപരമായ ചുമതല
**ശ്രീ. സന്തോഷ്കുമാർ. എസ്., വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം**

അക്കാദമിക ചുമതല
**ഡോ.ഷീജാകുമാരി, പ്രിൻസിപ്പൽ ഇൻ ചാർജ്, ഡയറ്റ്, തിരുവനന്തപുരം**

ഏകോപനം
**ശ്രീമതി ഗീതാനായർ, സീനിയർ ലക്ചറർ, ഡയറ്റ്**

വിഷയചുമതല
**ഡോ.മുഹമ്മദ് കബീർ, സീനിയർ ലക്ചറർ, ഡയറ്റ്**

പ്രിന്റിങ്
**ഗവ. പ്രസ്, തിരുവനന്തപുരം**



പ്രിയപ്പെട്ട കുട്ടികളേ,

തിരുവനന്തപുരം ജില്ല പഞ്ചായത്ത് പരിധിയിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം കുട്ടികളുടെ പഠനനിലവാരം ഉയർത്താനും പൊതുപരീക്ഷയിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് മുൻ വർഷങ്ങളിൽ ഡയറ്റിന്റെ സഹായത്തോടെ നടപ്പാക്കിയ വിദ്യാജ്യോതി പദ്ധതി ഈ വർഷവും തുടരുന്നതിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെയും തിരുവനന്തപുരം ജില്ലയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ വളരെയേറെ മെച്ചപ്പെട്ടത് പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന മുഴുവൻ പേർക്കും ആഹ്ലാദം പകരുന്നതാണ്. അപ്രതീക്ഷിതമായി എത്തിയ കോവിഡ് 19 നമ്മുടെ സംസ്ഥാനത്തെയും ബാധിച്ചുവെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസത്തിലും ജനങ്ങളുടെ ആരോഗ്യത്തിലും വിട്ടുവീഴ്ചയില്ലാത്ത നിലപാടുമായി കേരള ഗവൺമെന്റ് ലോകത്തിന് മാതൃകയായി മാറി. വിക്ടേഴ്സ് ചാനൽ വഴി എല്ലാ ക്ലാസിലെയും പാഠഭാഗങ്ങൾ കുട്ടികളിലെത്തിക്കുകയും അധ്യാപകർ തുടർ പ്രവർത്തനങ്ങൾ നൽകി പഠനനേട്ടം കുട്ടികളിൽ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംശയനിവാരണത്തിനായി രക്ഷിതാക്കളുടെ അനുമതിയോടെ കുട്ടികൾക്ക് സ്കൂളിലെത്താനുള്ള അവസരവും ഇപ്പോഴുണ്ട്. 2020 മാർച്ച് 17 മുതൽ ആരംഭിക്കുന്ന പൊതുപരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങാൻ സമയമായിരിക്കുന്നു. എല്ലാ വിഷയങ്ങളിലെയും പാഠഭാഗങ്ങളിലൂടെ ആവർത്തിച്ചുകടന്നുപോകാനും ചോദ്യമാതൃകകൾ പരിചയപ്പെടാനും പ്രത്യേകം ശ്രദ്ധിക്കണം. ജില്ലയിലെ സമർഥരായ അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ പഠനനേട്ടങ്ങളെയും പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള വർക്കുഷീറ്റുകളാണ് ഇതോടൊപ്പം നൽകുന്നത്. ഓരോ വർക്കുഷീറ്റിലൂടെയും ശ്രദ്ധാപൂർവം കടന്നുപോകുന്നത് ഉയർന്ന ഗ്രേഡുകൾ വാങ്ങുന്നതിന് നിങ്ങൾക്ക് ഏറെ സഹായകമാകും. എല്ലാവർക്കും ഉയർന്ന വിജയം ആശംസിക്കുന്നു.

സ്നേഹത്തോടെ

**അഡ്വ.ഡി.സുരേഷ്കുമാർ**

പ്രസിഡന്റ്, തിരുവനന്തപുരം ജില്ല പഞ്ചായത്ത്

## ശില്പശാലയിൽ പങ്കെടുത്തവർ

1. **ശ്രീ. അനിൽകുമാർ. കെ**
   ഗവ.ഗേൾസ് എച്ച്.എസ്.എസ്. ആറ്റിങ്ങൽ
2. **ശ്രീ. സുരേഷ്കുമാർ ജെ.**
   ഗവ.വി.എച്ച്.എസ്.എസ്. വീരണകാവ്
3. **ശ്രീ. സനൽകുമാർ ജി.**
   ഗവ.ഹൈസ്കൂൾ, കരിക്കകം
4. **ശ്രീ. മുജാബ് എ.ഐ.**
   മുസ്ലീം ബോയ്സ് ഹൈസ്കൂൾ, കണിയാപുരം
5. **ശ്രീ. സുധീർ എസ്.**
   ഗവ.ഹൈസ്കൂൾ, ശ്രീകാര്യം
6. **ശ്രീ. ബിനു എം.വി.**
   ഗവ.മോഡൽ ജി.എച്ച്.എസ്.എസ്. പട്ടം
7. **ശ്രീ. രാജീവ് എസ്. ജോൺ**
   എൽ.എം.എച്ച്.എസ്.എസ്. അമരവിള
8. **ശ്രീമതി അഞ്ജുഗോപാൽ വി.എസ്.**
   ഗവ.മോഡൽ എച്ച്.എസ്.എസ്. വെങ്ങാനൂർ
9. **ശ്രീ. ഹരികുമാർ വി.**
   ജി.എച്ച്.എസ്.എസ്. അഴൂർ
10. **ശ്രീമതി വിലോലിത വി.വി.**
    ഗവ.എച്ച്.എസ്.എസ്. ഫോർ ഗേൾസ്, നെയ്യാറ്റിൻകര

## Message

പ്രിയപ്പെട്ട കുട്ടികളേ

വളരെ വ്യത്യസ്തമായ ഒരു അധ്യയനവർഷത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കോവിഡ് 19 സൃഷ്ടിച്ച ആശങ്കകൾക്കിടയിലും പഠനം മുടങ്ങാതിരിക്കാനുള്ള എല്ലാ മുൻകരുതലും കേരള സർക്കാരും വിദ്യാഭ്യാസവകുപ്പും സ്വീകരിച്ചിട്ടുണ്ട്. വിക്ടേഴ്സ് ചാനൽ വഴി പ്രക്ഷേപണം ചെയ്യുന്ന ക്ലാസുകൾക്ക് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. വിവരവിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം വിദ്യാഭ്യാസപ്രക്രിയയ്ക്ക് കൂടുതൽ കരുത്ത് പകർന്നിട്ടുണ്ട്. പത്താംക്ലാസ്, ഹയർസെക്കണ്ടറി വിഭാഗം കുട്ടികളുടെ വിജയശതമാനം ഉയർത്താൻ ലക്ഷ്യം വച്ചുകൊണ്ട് തിരുവനന്തപുരം ജില്ലപഞ്ചായത്തും ഡയറ്റും മുൻവർഷങ്ങളിൽ നടപ്പാക്കിയ വിദ്യാജ്യോതി പദ്ധതി ഈ വർഷവും തുടരുകയാണ്. പാഠഭാഗങ്ങളുടെ ഉള്ളടക്കത്തെ ലളിതമായ ആശയങ്ങളാക്കി മാറ്റി എല്ലാ കുട്ടികൾക്കും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്ന വിധം വർക്കുഷീറ്റുകൾ തയാറാക്കി നൽകാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി എല്ലാ വിഷയങ്ങളുടെയും വർക്കുഷീറ്റുകൾ തയാറായിട്ടുണ്ട്. പാഠപുസ്തകത്തെ രണ്ട് ഭാഗങ്ങളാക്കിയാണ് വർക്കുഷീറ്റ് നിർമാണം പുരോഗമിക്കുന്നത്. ആദ്യഘട്ടം വർക്കുഷീറ്റുകൾ ഇതോടൊപ്പം ചേർക്കുന്നു. എല്ലാ വർക്കുഷീറ്റിലൂടെയും ശ്രദ്ധാപൂർവം കടന്നുപോകണം. എല്ലാവർക്കും മികച്ച വിജയം ആശംസിക്കുന്നു.

സ്നേഹത്തോടെ

**സന്തോഷ്കുമാർ. എസ്**

വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം

## Message

പ്രിയപ്പെട്ട കുട്ടികളേ,

അപ്രതീക്ഷിതമായി എത്തിയ കോവിഡ് 19 വിദ്യാഭ്യാസമേഖലയിൽ വലിയ വെല്ലുവിളിയാണ് ഉയർത്തിയത്. രോഗവ്യാപനസാഹചര്യത്തിലും വിദ്യാഭ്യാസം സുഗമമാക്കുന്നതിന് വിദ്യാഭ്യാസവകുപ്പും സമൂഹവും ഒന്നുചേർന്ന് പ്രവർത്തിക്കുകയുണ്ടായി. കോവിഡിനെ അതിജീവിക്കാനായി സ്വീകരിച്ച ഓരോ വഴിയും പിന്നീട് സൗകര്യമായും ശീലമായും മാറുമോയെന്ന് ആശങ്കപ്പെടേണ്ടതുണ്ട്. ഓരോന്നിനെയും അതിന്റെ മേന്മ നോക്കി സ്വീകരിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ഒരു കാര്യം ഉറപ്പാണ്. മനുഷ്യരാശി കോവിഡിന്റെ പിടിയിൽനിന്ന് മുക്തരാകും. പക്ഷേ കോവിഡിനു മുമ്പുള്ള സാമൂഹ്യസാഹചര്യത്തിലേയ്ക്ക് തിരികെപ്പോകാൻ കഴിയാതെ വന്നേക്കും. എങ്കിലും നമുക്ക് ശുഭപ്രതീക്ഷയാണുള്ളത്. തിരുവനന്തപുരം ജില്ല പഞ്ചായത്തും ഡയറ്റും ചേർന്ന് നടപ്പാക്കുന്ന വിദ്യാജ്യോതി പദ്ധതി ഏറ്റവുമധികം ശ്രദ്ധയാകർഷിച്ച പരിപാടിയാണ്. മുൻവർഷങ്ങളിൽ ആറ് വിഷയങ്ങൾക്കുമാത്രമാണ് പഠനസഹായി തയാറാക്കിയത്. ഈ വർഷം എല്ലാ വിഷയത്തിന്റെയും ഉള്ളടക്കമേഖലകളെ ലളിതമായി വ്യാഖ്യാനിച്ച് കുട്ടികളുടെ മുമ്പിൽ വർക്കുഷീറ്റുകളായി എത്തിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഉയർന്ന വിജയം കരസ്ഥമാക്കാൻ ഈ വർക്കുഷീറ്റുകൾ സഹായകമാകും. പരിചയസമ്പന്നരായ അധ്യാപകരാണ് ഓരോ വിഷയത്തിന്റെയും വർക്കുഷീറ്റുകൾ തയാറാക്കുന്നതിന് നേതൃത്വം നല്കിയത്. എല്ലാ വർക്കുഷീറ്റുകളിലൂടെയും കടന്നുപോയി ഉയർന്ന വിജയത്തിലെത്താൻ മുഴുവൻ കുട്ടികൾക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു.

വിശ്വസ്തതയോടെ

**ഡോ.ഷീജാകുമാരി**

പ്രിൻസിപ്പൽ ഇൻ ചാർജ്, ഡയറ്റ് തിരുവനന്തപുരം.

# ഉള്ളടക്കം


## കേരള പാഠാവലി

### യൂണിറ്റ് 1 കാലാതീതം കാവ്യവിസ്മയം

1. ലക്ഷ്മണസാന്ത്വനം ........ 7
2. ഋതുയോഗം ........ 12
3. പാവങ്ങൾ ........ 15

### യൂണിറ്റ് 2 അനുഭൂതികൾ ആവിഷ്കാരങ്ങൾ

1. വിശ്വരൂപം ........ 18
2. പ്രിയദർശനം ........ 21
3. കടൽത്തീരത്ത് ........ 25

## അടിസ്ഥാന പാഠാവലി

### യൂണിറ്റ് 1 ജീവിതം പടർത്തുന്ന വേരുകൾ

1. പ്ലാവിലക്കഞ്ഞി ........ 28
2. ഓരോ വിളിയും കാത്ത് ........ 32
3. അമ്മത്തൊട്ടിൽ ........ 37

### യൂണിറ്റ് 2 നിലവ് പെയ്യുന്ന നാട്ടുവഴികൾ

1. കൊച്ചുചക്കരച്ചി ........ 41
2. ഓണമുറ്റത്ത് ........ 44
3. കോഴിയും കിഴവിയും ........ 46
4. ശ്രീനാരായണഗുരു ........ 49



യൂണിറ്റ് 1

# കേരളപാഠാവലി

## കാലാതീതം കാവ്യ വിസ്മയം

# 1. ലക്ഷ്മണസാന്ത്വനം



എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് അയോദ്ധ്യാകാണ്ഡത്തിൽ നിന്നെടുത്തതാണ് പാഠഭാഗം. ശ്രീരാമപട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് കുപിതനായ ലക്ഷ്മണനെ ആശ്വസിപ്പിക്കാൻ ശ്രീരാമൻ നൽകുന്ന ഉപദേശം.

ക്രോധം വരുത്തുന്ന അപകടങ്ങളെക്കുറിച്ചും കോപത്തെ മറികടക്കാൻ വിദ്യാഭ്യാസം കൊണ്ടേ കഴിയു എന്നും പാഠഭാഗം നമ്മോടു പറയുന്നു. ശ്രീരാമനും ലക്ഷ്മണനുമാണ് പ്രധാന കഥാപാത്രങ്ങൾ.

**പ്രവർത്തനം 1**

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഒരു ഭാഗമാണ് ലക്ഷ്മണസാന്ത്വനം. എന്തൊക്കെ വിശേഷണങ്ങളാണ് എഴുത്തച്ഛനുള്ളത് ?

- ആധുനിക മലയാളഭാഷയുടെ പിതാവ്
- കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്
- ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവ്

**പ്രവർത്തനം 2**

- ലക്ഷ്മണനെ ഉപദേശിക്കുന്നതാര് ?

  ശ്രീരാമൻ

- ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്യുന്നതിൽ സ്ഫുരിക്കുന്ന ഭാവമെന്ത് ?

  വാൽസല്യം

- ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. ക്ഷണഭംഗുരമായ മർത്ത്യജന്മത്തെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത് ?
2. എത്രയുമൽപ്പകാലസ്ഥിതം എന്ന് വിശേഷിപ്പിച്ചത് എന്തിനെ ?
3. മോഹമാതാവും സംസാരകാരിണിയും ആരാണ് ?
4. മോക്ഷാർത്ഥിയാകാൻ എന്ത് ചെയ്യണം ?
5. മുക്തിക്ക് വിഘ്നം വരുത്താൻ ഏറ്റവും ശക്തിയുള്ളതേത് ?
6. 'നിന്നുള്ളിലെപ്പോഴുമെന്നെക്കുറിച്ചുള്ള വാത്സല്യപൂരവും'

   'എന്നെ' എന്ന് സൂചിപ്പിക്കുന്നതാരെ ?

ഉത്തരം

1. വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുവിനോട്
2. പുത്രമിത്രാർത്ഥകളത്രാദി സംഗമം
3. അവിദ്യ
4. ഏകാന്തചേതസ്സാ വിദ്യാഭ്യാസം ചെയ്യണം
5. ക്രോധം
6. ശ്രീരാമനെ

**പ്രവർത്തനം 3**

മാതൃക പോലെ എഴുതുക.

മാതൃക

വെടിഞ്ഞെന്നുടെ - വെടിഞ്ഞ് + എന്നുടെ

| | |
|---|---|
| ● എന്നെക്കുറിച്ച് | |
| ● നദ്യാമൊഴുകുന്ന | |
| ● നന്നല്ല | |
| ● വെണ്ണീർ | |
| ● ക്രോധമറികെടോ | |

**പ്രവർത്തനം 4**

മാതൃക പോലെ എഴുതുക.

മാതൃക

ചക്ഷു:ശ്രവണൻ - ചക്ഷുസ്സുകൊണ്ട് ശ്രവിക്കുന്നവൻ

| | |
|---|---|
| ● വാത്സല്യപൂരം | |
| ● ക്ഷണപ്രഭാചഞ്ചലം | |
| ● വഹ്നിസന്തപ്തം | |
| ● മർത്ത്യജന്മം | |
| ● കാലാഹി | |
| ● സ്വപ്നസമാനം | |
| ● മാനസതാര് | |
| ● മോക്ഷാർത്ഥി | |
| ● കാമക്രോധലോഭമോഹാദികൾ | |
| ● മാതാപിതൃഭ്രാതൃമിത്രസഖികൾ | |

**പ്രവർത്തനം 5**

'കവികൾക്ക് ലോകമെമ്പാടും

ഒരു ഭാഷയേയുള്ളൂ
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ' -
(കവികളുടെ ഭാഷ - സച്ചിദാനന്ദൻ)

'കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ'

സച്ചിദാനന്ദൻ ഇങ്ങനെ പറയാനുള്ള കാരണം എന്ത്?

**സൂചനകൾ:**

- ഭാഷയിലൂടെ കൈമാറ്റം ചെയ്യുന്നത്

  വികാരം, ഭാവം, ആശയം എന്നിവയാണ്.
- കവിതയിലെ വികാരങ്ങളുടെ ആവിഷ്കരണം, ഭാവതലം എന്നിവ ലോകമെമ്പാടും ഒരുപോലെയാണ്.
- മഹദ്കവിതകളുടെ ലക്ഷ്യം ലോകനന്മയാണ്.

**പ്രവർത്തനം 6**

ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിനു നൽകുന്ന ഉപദേശം കൂടിയാണ് - പ്രസ്താവന വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

സൂചകങ്ങൾ

- കാണുന്നവയെല്ലാം ശാശ്വതമല്ല.
- സുഖഭോഗങ്ങളും ആയുസ്സും മിന്നലിന്റെ പ്രഭയ്ക്ക് തുല്യമാണ്.
- മനുഷ്യജന്മം ക്ഷണികമാണ്.
- കുടുംബത്തിലെ ഒത്തുചേരൽ ചഞ്ചലമാണ്.
- ജീവിതം സ്വപ്നതുല്യമാണ്.
- ഐശ്വര്യവും യൗവനവും അസ്ഥിരമാണ്.
- ദേഹം നിമിത്തമുള്ള മഹാമോഹം നന്നല്ല.
- ലോകത്തെ ചുട്ടുകരിക്കാം എന്ന ചിന്തയ്ക്ക് കാരണം അറിവില്ലായ്മയാണ്.
- അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം.
- അവിവേകം മൂലം വർത്തമാനകാല സമൂഹം ക്രോധത്തിന് വശംവദരാകുന്നു.

**പ്രവർത്തനം 7**

സ്വാഭിപ്രായം കുറിക്കൽ

- 'ലക്ഷ്മണസാന്ത്വനം' വായിക്കുമ്പോൾ എഴുത്തച്ഛൻ മികച്ച മനഃശാസ്ത്രജ്ഞനാണെന്ന് കാണാൻ കഴിയും' ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വന്തം അഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക.

**സൂചകങ്ങൾ**

- ശ്രീരാമന്റെ ഉപദേശം ആരംഭിക്കുന്നതുതന്നെ 'വത്സാ' എന്ന

  വാത്സല്യം തുളുമ്പുന്ന വിളിയിലൂടെയാണ്.
- ലക്ഷ്മണന്റെ കഴിവുകളെ അഭിനന്ദിക്കുന്നു.
- തന്നോടുള്ള സ്നേഹമാണ് ഈ കോപത്തിനു കാരണമെന്ന് ഓർമ്മിപ്പിക്കുന്നു.
- കോപാന്ധനായ ലക്ഷ്മണന്റെ പ്രവൃത്തികളെ വിലയിരുത്തുന്നു.
- ആ പ്രവൃത്തികളുടെ അർത്ഥമില്ലായ്മ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു.
- പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നു.
- യഥാർത്ഥ സാന്ത്വനം നൽകുന്നു.

**പ്രവർത്തനം 8**

**ഉപന്യാസം തയ്യാറാക്കൽ**

ലക്ഷ്മണസാന്ത്വനം എന്ന പാഠഭാഗം കൂടി പരിഗണിച്ച് എഴുത്തച്ഛന്റെ കാവ്യശൈലി എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

**സൂചനകൾ**




- ഗഹനമായ ആശയങ്ങൾ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുന്നു.
- ഒരു ആശയം അവതരിപ്പിക്കുന്നതിന് ഒന്നിൽ കൂടുതൽ ഉദാഹരണങ്ങൾ പറയുന്നു.
- ആശയത്തിന്റെ ഗൗരവം അനുസരിച്ച് ഭാഷ വ്യത്യാസപ്പെടുത്തുന്നു.
- സംസ്കൃത പദങ്ങൾ ധാരാളം ഉപയോഗിക്കുന്നു.
- ഗൗരവമുള്ള കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ വാക്കുകൾ കൂട്ടിച്ചേർത്ത് ഭാഷയുടെ ഗാംഭീര്യം വർദ്ധിപ്പിക്കുന്നു

**പ്രവർത്തനം 9**

**മുഖപ്രസംഗം തയ്യാറാക്കുക.**

'ക്രോധം വരുത്തിവയ്ക്കുന്ന വിനകൾ'

ലക്ഷ്മണസാന്ത്വനത്തിൽ എഴുത്തച്ഛൻ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ

കൂടി പരിഗണിച്ച് മുഖപ്രസംഗം തയ്യാറാക്കുക.

**സൂചനകൾ**

- ക്രോധം വിവേകം ഇല്ലാതാക്കുന്നു.
- ധർമ്മക്ഷയം വരുത്തുന്നു.
- മുക്തിക്കു വിഘ്നം വരുത്തുന്നു.
- ബന്ധുക്കളെ വധിക്കുന്നു.
- മനസ്താപം ഉണ്ടാക്കുന്നു.
- പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നു.

**പ്രവർത്തനം 10**

ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

'കാലാഹി' എന്ന പ്രയോഗത്തിന്റെ ചില സവിശേഷതകൾ ചുവടെ ചേർക്കുന്നു.

സൂചനകൾ

- കാലത്തിനെ പാമ്പായി കല്പിക്കുന്നു
- പാമ്പ് ഇരയെ വളരെപ്പതുക്കെയാണ് വിഴുങ്ങുന്നത്
- ജനനം മുതൽ മനുഷ്യനെ മരണം പതുക്കെപ്പതുക്കെ വിഴുങ്ങിത്തുടങ്ങുന്നു.
- സ്വന്തം അഭിപ്രായം

സൂചനകൾ വികസിപ്പിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.




# 2. ഋതുയോഗം



വിശ്വമഹാകവി കാളിദാസന്റെ പ്രസിദ്ധ സംസ്കൃത നാടകമാണ് അഭിജ്ഞാന ശാകുന്തളം. മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ച കൃതിയാണിത്. ഇതിന്റെ മലയാള വിവർത്തനമാണ് എ.ആർ. രാജരാജവർമയുടെ മലയാളശാകുന്തളം. അതിലെ ഏഴാമങ്കത്തിൽനിന്നുള്ള ഭാഗമാണ് ഋതുയോഗം.

ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങുന്ന വഴിയിൽ കാശ്യപാശ്രമത്തിൽ എത്തുന്ന ദുഷ്ഷന്തൻ, സർവദമനനെയും ശകുന്തളയെയും കണ്ടുമുട്ടുന്നതാണ് സന്ദർഭം. അത്യന്തം നാടകീയത നിറഞ്ഞ സംഭവങ്ങൾ. ദുഷ്ഷന്തൻ, ശകുന്തള, സർവദമനൻ, മാരീചൻ, അദിതി, മാതലി തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങൾ.

1. **ഇവനുടെ കുലവില്ലാലസ്ത്രകാര്യം നടന്നി-**
   **ട്ടവനു കൊടിയവജ്രം ഭൂഷണപ്രായമായി**

   കൊടിയ വജ്രം ഭൂഷണപ്രായമാകാൻ കാരണം?

   - വജ്രായുധം ഇന്ദ്രന് സ്വന്തമായതുകൊണ്ട്
   - ഇന്ദ്രൻ വജ്രായുധത്താൽ ശത്രുക്കളെ നിഗ്രഹിച്ചതുകൊണ്ട്
   - ദുഷ്ഷന്തൻ ഇന്ദ്രന്റെ ശത്രുക്കളെ നിഗ്രഹിച്ചതുകൊണ്ട്

2. **മാതൃകപോലെ എഴുതുക.**

   ഗളരോമങ്ങൾ - ഗളത്തിലെ രോമങ്ങൾ

   സിംഹബാലൻ - ബാലനായ സിംഹം

   - പൂമേനി -
   - സർവദമനൻ -
   - സിംഹക്കുട്ടി -
   - വിരൽനിര -
   - മുദ്രമോതിരം -
   - താംബൂലരാഗം -

   (പൂപോലുള്ള മേനി, സർവതിനെയും ദമനം ചെയ്യുന്നവൻ, സിംഹത്തിന്റെ കുട്ടി, വിരലിന്റെ നിര, മുദ്രയുള്ള മോതിരം, താംബൂലത്തിന്റെ രാഗം)

3. **മാതൃക പോലെ എഴുതുക.**

   പല്ലിൻ മൊട്ടുകൾ ഹേതുവെന്നിയേ ചിരിച്ചൽപ്പം

പല്ലിൻ, മൊട്ടുകൾ, ഹേതു, എന്നിയേ, ചിരിച്ച്, അൽപ്പം

- പാമ്പിതെന്നോതിയന്ധൻ
- ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ

ഉത്തരം

- പാമ്പ് ഇത് എന്ന് ഓതി അന്ധൻ
- ഗോത്രം ആദി ഒന്നും അറിയാതെ എനിക്ക് ഇവന്റെ

4. അർത്ഥവ്യത്യാസം കണ്ടെത്തൽ

- ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതി കൊണ്ടു തന്നെ അറിയാം.
- പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ കടന്നുകയറ്റം സർവ്വനാശത്തിലേക്ക് നമ്മെക്കൊണ്ടെത്തിക്കും.

അടിവരയിട്ട പദങ്ങൾ വാക്യങ്ങൾക്ക് നൽകുന്ന അർത്ഥവ്യത്യാസം കണ്ടെത്തിയെഴുതുക

5. കാവ്യപരമായ സവിശേഷതകൾ കണ്ടെത്തൽ.

"ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ
ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം
എത്രയ്ക്ക് വേണമിവനെ പ്രതിപത്തിയോടെ
പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന്"

*സൂചന*

വരികളിലെ രണ്ടാമത്തെ അക്ഷരത്തിന്റെ ആവർത്തനം

ഒരേ വ്യഞ്ജനങ്ങളുടെ ആവർത്തനം

6. ഔചിത്യം കണ്ടെത്തൽ

തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ
വെറുതേ വിശുദ്ധതരസത്ത്വസൗമ്യമാം
പിറവിക്കു ദോഷമുളവാക്കിവയ്ക്കൊലാ

വരികളുടെ ഔചിത്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

**സൂചന**

ചെറുപാമ്പ് - സർവദമനൻ

ചന്ദനമരം - ആശ്രമം

സർവദമനന്റെ കുസൃതി ആശ്രമത്തിന് യോജിച്ചതല്ല.

ശാന്തതയാണ് ആശ്രമവാസികളുടെ പൊതുസ്വഭാവം.

7. ചമത്കാര ഭംഗി കണ്ടെത്തൽ

കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ

സൂചന പരിഗണിച്ച് വരികളിലെ ചമത്കാര ഭംഗി കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക

**സൂചന:**

- സർവദമനന്റെ വിരലുകളുടെ യോജിപ്പ്
- പ്രഭാതത്തിൽ വിടർന്നുവരുന്ന താമരപ്പൂവിന്റെ ഇതളുകളുടെ ചേർച്ച
- താമരപ്പൂവ് ക്രമേണ വിടരുന്നതുപോലെ സർവദമനൻ കാലക്രമത്തിൽ രാജാവായിത്തീരും

8. ഉപന്യാസം തയ്യാറാക്കൽ

- എന്ത്? എന്റെ വംശം തന്നെയോ?
- അരുതേ, തൊടരുതേ, അല്ല! ഇദ്ദേഹം എടുത്തു കഴിഞ്ഞോ?
- എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല.
- അപ്രതീക്ഷിത സംഭവങ്ങൾ ഉണ്ടാകുന്നു എന്നതിന് മുന്നോടിയായുള്ള സൂചനകൾ ആശയത്തെ നാടകീയമാക്കുന്നു.

ഇതു പോലുള്ള നിരവധി നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞതാണ് ഋതുയോഗം എന്ന പാഠഭാഗം.


'ഋതുയോഗത്തിലെ നാടകീയ മുഹൂർത്തങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**നാടകീയത**

- വൈകാരിക സംഘർഷം
- കഥാഗതിയിലുണ്ടാകുന്ന മാറ്റം
- അപ്രതീക്ഷിത കഥാന്ത്യം
- അപ്രതീക്ഷിതമായത് സംഭവിക്കൽ
- ആശ്ചര്യം, സന്തോഷാധിക്യം, സങ്കടം തുടങ്ങിയ വികാരങ്ങൾ ഉണ്ടാക്കുന്ന സംഘർഷം
- പ്രതീക്ഷിക്കാതെയുള്ള ഭാവമാറ്റങ്ങൾ




# 3. പാവങ്ങൾ




വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ എന്ന നോവലിലെ ഒരു ഭാഗം. നാലപ്പാട്ട് നാരായണമേനോന്റെ വിവർത്തനം. ഴാങ് വാൽ ഴാങിന് മെത്രാന്റെ ഇടപെടലിലൂടെ വരുന്ന മാറ്റം അവതരിപ്പിക്കുന്നു.

ശിക്ഷകൊണ്ട് സാധിക്കാത്തത് സ്നേഹം കൊണ്ട് മെത്രാൻ സാധിക്കുന്നു. ഴാങ് വാൽ ഴാങ്, ഡി പട്ടണത്തിലെ മെത്രാൻ, മദാംമഗ്ല്വാർ, പോലീസുകാർ എന്നിവർ പ്രധാന കഥാപാത്രങ്ങൾ.

**പ്രവർത്തനം 1**

1. "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല." ഇതിലൂടെ മെത്രാൻ സമൂഹത്തിനു നൽകുന്ന സന്ദേശം?

   ലളിത ജീവിതം

2. 'ഉപ്പുകൊണ്ടുള്ള പ്രതിമ' എന്ന പ്രയോഗം സൂചിപ്പിക്കുന്നത്?

   - സ്വയം അലിഞ്ഞ് ഇല്ലാതാകുമെന്ന തോന്നൽ
   - ധൈര്യം സംഭരിച്ചുള്ള നിൽപ്പ്.
   - തിരിച്ചറിയാതിരിക്കാൻ നടത്തിയ രൂപമാറ്റം.

   ഉത്തരം :

   സ്വയം അലിഞ്ഞ് ഇല്ലാതാകുമെന്ന തോന്നൽ

**പ്രവർത്തനം 2**

പട്ടിക പൂർത്തിയാക്കുക

പട്ടിക 1

| | |
|---|---|
| കൊടുത്തിട്ടില്ല | കൊടുത്തിട്ട് + ഇല്ല |
| കാൽപ്പെരുവിരൽ | |
| | ഒരു + അനക്കം |
| കട്ടിളപ്പടി | |
| | മേശ + പുറം |
| അതെടുത്ത് | |
| | അ+ദേഹം |
| അപകടമറിഞ്ഞു | |

പട്ടിക 2

| വൃദ്ധസ്ത്രീ | വൃദ്ധയായ സ്ത്രീ |
|---|---|
| വെള്ളിസ്സാമാനം | |
| ശ്വാസാവേഗം | |
| ആഹ്ലാദപൂർവം | |
| ഭാവവിശേഷം | |
| സഗൗരവം | |

**പ്രവർത്തനം 3**

**പ്രയോഗഭംഗി കണ്ടെത്തുക**

'അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടു കൂടി, അനങ്ങാതെ, വിരൽത്തുമ്പു കൊണ്ടു അയാൾ വാതിലുന്തി'

ഈ വരികളുടെ പ്രയോഗഭംഗി കണ്ടെത്തുക

*സൂചനകൾ*

- ഴാങ് വാൽ ഴാങ് മെത്രാനൊപ്പമിരുന്ന് ആഹാരം കഴിക്കുകയും മെത്രാന്റെ വീട്ടിൽ കിടക്കുകയും ചെയ്യുന്നു.
- അഭയം നൽകിയ ആളിന്റെ വീട്ടിൽ ഴാങ് വാൽ ഴാങ് മോഷണത്തിന് ശ്രമിക്കുന്നു
- തന്റെ പ്രവൃത്തി ആരും കാണുന്നില്ലായെന്ന് ഴാങ് വാൽ ഴാങ് കരുതുന്നു


- പൂച്ചയുടെ പതുങ്ങിപ്പതുങ്ങിയുള്ള നടപ്പ്, തരം കിട്ടിയാൽ അടുക്കളയിൽ കയറിയുള്ള മോഷണം, പാലുകുടിക്കുമ്പോൾ മറ്റാരും കാണുന്നില്ലെന്ന വിചാരം

**പ്രവർത്തനം 4**

കഥാപാത്ര നിരൂപണം തയ്യാറാക്കൽ

മെത്രാന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക

*സൂചനകൾ*



**പ്രവർത്തനം 5**

പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ

'കുറ്റവാളികൾക്ക് നൽകേണ്ടത് ശിക്ഷയോ' എന്ന വിഷയത്തിൽ നടന്ന ഒരു സംവാദത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രതികൂലാഭിപ്രായം | അനുകൂലാഭിപ്രായം |
|---|---|
| ● ചെറിയ തെറ്റിനാണ് പത്തൊമ്പത്‌വർഷത്തെശിക്ഷ. | ● റൊട്ടി മോഷണം തെറ്റുതന്നെയാണ്. |
| ● മോഷണത്തിന് കാരണം ദാരിദ്ര്യമാണ്. | ● വിശപ്പിന് പരിഹാരം മോഷണമാണോ? |
| ● ബോധവൽക്കരണമാണ് വേണ്ടത്. | ● മാതൃകാപരമായ ശിക്ഷ നൽകണം |
| ● മാനവികതയ്ക്ക് പ്രാധാന്യം കൊടുക്കണം. | ● ഉടനടിയുള്ള ശിക്ഷ കുറ്റകൃത്യങ്ങളുടെ അളവ് കുറയ്ക്കും. |
| ● ശിക്ഷ കടുപ്പിച്ചതുകൊണ്ട് നേട്ടമില്ല. | ● കടുത്ത കുറ്റങ്ങൾക്ക് കടുത്ത ശിക്ഷ തന്നെ നൽകണം. |

ഇതിനോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

**പ്രവർത്തനം 6**

ഒറ്റവാക്യമാക്കുക

| | |
|---|---|
| അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്നു മാത്രമായിരുന്നു. | അയാൾ ഒരടി മുന്നോട്ടുവെച്ച് മുറിക്കകത്ത് കടന്നു. |

| |
|---|
| അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്നു മാത്രമായതിനാൽ ഒരടി മുന്നോട്ടുവെച്ച് മുറിക്കകത്തു കടന്നു. |

മാതൃക വായിച്ചു നോക്കിയല്ലോ?

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ഒറ്റവാക്യമാക്കി എഴുതുക.

- വാതിൽ തുറന്നു. അസാധാരണവും സംഭ്രാന്തവുമായ ഒരു ചെറിയ ആൾക്കൂട്ടം ഉമ്മറത്തെത്തി
- മെത്രാൻ ഒരു നിമിഷനേരത്തേക്ക് ഒന്നും മിണ്ടാതെനിന്നു.
  തന്റെ സഗൗരവമായ ദൃഷ്ടിയെ അദ്ദേഹം മേല്പോട്ടുയർത്തി.
- ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു.
  എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു.




# 1. വിശ്വരൂപം



ലളിതാംബിക അന്തർജനത്തിന്റെ ശ്രദ്ധേയമായ കഥയാണ് വിശ്വരൂപം. മാഡം തലത്ത് അഥവാ മിസ്സിസ് തലത്ത് അമ്മയായി പരിണമിക്കുന്ന കഥാഗതിയിലൂടെ ജീവിതത്തിലെ വ്യത്യസ്ത ഭാവങ്ങൾ ആവിഷ്കരിക്കുന്നു. സ്നേഹബന്ധങ്ങളുടെ പൊരുത്തങ്ങളും പൊരുത്തക്കേടുകളും ഈ കഥയിൽ വായിച്ചെടുക്കാം. ഡോ.തലത്ത്, മിസ്സിസ് തലത്ത് (താഴത്ത് കുഞ്ഞുക്കുട്ടി അമ്മ), സുധീർ എന്നിവർ പ്രധാന കഥാപാത്രങ്ങൾ.

1. കൊടുത്തതു മാത്രമേ നേടാനൊക്കൂ. അല്ലേ സുധീർ?
   ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ?
   ഈ വരികളിലെ ഭാവം എന്ത്?
   (ഭയം,നിരാശ,അദ്ഭുതം)

2. അർഥവ്യത്യാസം കുറിക്കൽ
   'നിന്നെ കണ്ടപ്പോൾ അദ്ദേഹത്തെ ഓർത്തു പോയി'
   'അവൻ അവിടെനിന്ന് പോയി'
   രണ്ടു സന്ദർഭങ്ങളിലും പോയി എന്ന പദത്തിന് വരുന്ന അർത്ഥവ്യത്യാസം കുറിക്കുക.

3. അർത്ഥ സൂചനകൾ കണ്ടെത്തൽ.

   'എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല; ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു'

   മേൽസൂചിപ്പിച്ച സന്ദർഭത്തിൽ നിന്നും മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള രണ്ട് സൂചനകൾ എഴുതുക.

4. പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| പ്രത്യക്ഷം | പ്രതി +അക്ഷം |
| ഒഴുകിയൊഴുകി | |
| കണ്ണീര് | |
| | അങ്ങും+ ഇങ്ങും |
| പടിയിറങ്ങി | |
| അയാൾ | |
| | കോളാമ്പി + ചെടി |

| | |
|---|---|
| കുറ്റബോധം | കുറ്റത്തെക്കുറിച്ചുള്ള ബോധം |
| പൂർവകാലസ്മൃതി | |
| ഗൃഹനായിക | |
| | പൊതുവായ ചടങ്ങ് |
| | ഭാരതത്തിലെ സ്ത്രീ |
| അച്ഛനമ്മമാർ | |
| | ഇഷ്ടവും അനിഷ്ടവും |
| ബന്ധുവലയം | |
| ജീവിതചര്യ | |
| | താപസന് ഉചിതം |

5. ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ

'എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു! അമ്മേ! ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ.'

വിശ്വരൂപം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക

**സൂചനകൾ**

- വിശ്വരൂപം എന്നതിന് യഥാർഥരൂപം എന്ന് അർഥം
- മിസ്സിസ് തലത്തിന്റെ പ്രൗഢമായ ജീവിതം
- കുട്ടികളെ വളർത്താത്ത അമ്മ
- ഡോ. തലത്തിനു വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- അഞ്ചാമത്തെ കുട്ടിയായി കണ്ടിരുന്ന സുധീറുമായുള്ള പിൽക്കാല കണ്ടുമുട്ടൽ
- സ്ത്രീയിൽ ജന്മസിദ്ധമായുള്ള മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്
- മാതൃത്വത്തിന്റെ വിശ്വരൂപം സ്വയം പ്രകടമാക്കുന്ന അമ്മയായ താഴത്ത് കുഞ്ഞുക്കുട്ടിയമ്മ

**ശീർഷകത്തിന്റെ ഔചിത്യം തയ്യാറാക്കുമ്പോൾ**

- പാഠത്തിന്റെ കേന്ദ്രാശയം
- ശീർഷകവുമായി ബന്ധപ്പെട്ട കഥാപാത്രം
- കഥാപാത്രത്തിന്റെ സവിശേഷതകൾ
- തലക്കെട്ടിന്റെ അർത്ഥതലങ്ങൾ

6. പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ

'ഞാൻ ഇന്ത്യയിൽ ജീവിക്കാനാഗ്രഹിക്കുന്നു മാഡം. ഇന്ത്യ എന്തു നല്ല നാടാണ് !'

വൃദ്ധന്റെ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

**സൂചനകൾ**

- മാതാപിതാക്കളെ ഈശ്വരതുല്യരായി കാണുന്നു.
- വൃദ്ധമാതാപിതാക്കളെ ഒപ്പം താമസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.
- കുടുംബബന്ധങ്ങൾ പവിത്രമായി കരുതുന്നു.

7. കഥാപാത്ര നിരൂപണം തയ്യാറാക്കുക.

താഴത്തു കുഞ്ഞുക്കുട്ടിയമ്മ

**സൂചനകൾ**

- നാട്ടിൻപുറത്ത് ജീവിച്ച ഒരു സാധാരണ സ്ത്രീ
- കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതരീതിയിൽ മാറ്റം വരുത്തി
- ഭർത്താവിന്റെ നിലയ്ക്കും വിലയ്ക്കും അനുസരിച്ച് ജീവിച്ചു.
- കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുകയോ അവർക്ക് മുല കൊടുക്കുകയോ ചെയ്തില്ല; അവരെ കൂടെ താമസിപ്പിച്ചില്ല.
- ജീവിതസായാഹ്നത്തിൽ ഒറ്റപ്പെടുന്നു.
- സുധീറിനു നൽകുന്ന ഉപദേശം




# 2. പ്രിയദർശനം

കുമാരനാശാൻ



മഹാകവി കുമാരനാശാന്റെ 'നളിനി' എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗമാണ് 'പ്രിയദർശനം'. കളിക്കൂട്ടുകാരായിരുന്ന നളിനിയും ദിവാകരനും വർഷങ്ങൾക്കുശേഷം അപ്രതീക്ഷിതമായി കണ്ടുമുട്ടുന്നതാണ് സന്ദർഭം. അവരുടെ സ്നേഹവും ഓർമ്മകളുമാണ് പാഠഭാഗത്ത് അവതരിപ്പിക്കുന്നത്.

**പ്രവർത്തനം 1**

**ഉത്തരമെഴുതുക**

1. 'കഷ്ടകാലമഖിലം കഴിഞ്ഞു' എന്ന് നളിനി പറയാൻ കാരണം ?

   (ദിവാകരനെ ഓർത്തത് , ദിവാകരനെ കണ്ടുമുട്ടിയത്, കേണുവാണത്)

2. 'മൊഴി കുഴങ്ങി നിന്നവൾ' എന്നതിന്റെ അർത്ഥം?

   (ഒന്നും പറയാനാവാതെ നിന്നു, കുഴഞ്ഞുപോയി, സംസാരം അവസാനിച്ചു )

3. 'സപദി വല്ലിയായി നീ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

   (നളിനി വല്ലിയായി മാറി, നളിനി യുവതിയായിരിക്കുന്നു, നളിനി മെലിഞ്ഞുപോയി )

4. 'ഒരു സ്നേഹം' എന്നു കൂടി അറിയപ്പെടുന്ന ആശാൻ കൃതി ?

   (നളിനി , ലീല , കരുണ )

5. ദിഷ്ടം എന്ന പദത്തിന്റെ ശരിയായ അർത്ഥം ഏത് ?

   (ഇഷ്ടം , ഭാഗ്യം , ദർശിക്കാൻ കഴിയുന്നത് )

**ഉത്തരം**

1. ദിവാകരനെ കണ്ടുമുട്ടിയത്
2. ഒന്നും പറയാനാവാതെ നിന്നു
3. നളിനി യുവതിയായിരിക്കുന്നു
4. നളിനി
5. ഭാഗ്യം

**പ്രവർത്തനം 2**

മാതൃകപോലെ എഴുതുക.

‘ഏവമോതിയിടരാർന്നു.’

ഏവം, ഓതി, ഇടർ, ആർന്നു.

ആരതെന്നുടനറിഞ്ഞു?

**പ്രവർത്തനം 3**

പട്ടിക പൂർത്തിയാക്കുക

**പട്ടിക 1**

| | |
|---|---|
| തന്നെയോർത്ത് | തന്നെ + ഓർത്ത് |
| വാക്കരുളിനാൻ | |
| ധാരയാർന്ന | |
| സുഖോദയം | |
| ചിരമഹോ | |
| അഭ്യുദയം | |

**പട്ടിക 2**


| | |
|---|---|
| പ്രണയചാപല്യം | പ്രണയത്താലുള്ള ചാപല്യം |
| കർമ്മനീരർ | |
| പൂരിതാഭ | |
| സുമോപമം | |
| അപ്രിയം | |

**പ്രവർത്തനം 4**

‘കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ
ണ്ടിഷ്ടയാം ‘നളിനി’ ഞാൻ മഹാമതേ’

കാവ്യ സന്ദർഭത്തിൽ നിന്ന് നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സൂചന**



**പ്രവർത്തനം 5**

‘ധീരനായ യതി നോക്കി തന്വിതൻ
ഭൂരി ബാഷ്പ പരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞു തൻ
ധാരയാർന്ന പനിനീർ സുമോപമം’

വരികളിലെ ചമത്കാരഭംഗി കണ്ടെത്തി കുറിപ്പ് തയാറാക്കുക.

സൂചനകൾ




**പ്രവർത്തനം 6**

പ്രഭാഷണം തയ്യാറാക്കൽ

മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പ്രളയകാല സേവനങ്ങൾ,

ആരോഗ്യപ്രവർത്തകരുടെ കോവിഡ് കാല ഇടപെടലുകൾ എന്നിവ സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ?

‘അന്യ ജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ’

(നളിനി, കുമാരനാശാൻ)

‘സേവനമാണ് ജീവിതം’ എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**പ്രഭാഷണം സൂചകങ്ങൾ**

- ഘടന
- ആശയങ്ങൾ
- വിലയിരുത്തൽ
- ആനുകാലിക സംഭവങ്ങൾ
- സ്വന്തം നിരീക്ഷണം




# 3. കടൽത്തീരത്ത്

ഒ.വി.വിജയൻ



ഒ വി വിജയന്റെ ഹൃദയസ്പർശിയായ കഥ. വെള്ളായിയപ്പന്റെയും മകന്റെയും കഥയാണ് ഇത്. മകനെ കാണാൻ ജയിലിലെത്തുന്ന വെള്ളായിയപ്പന്റെ വേദന വായനക്കാരന്റെയും വേദനയാകുന്നു. വെള്ളായിയപ്പൻ, കണ്ടുണ്ണി, കോടച്ചി, കുട്ട്യസ്സൻമാപ്പിള, നീലിമണ്ണാത്തി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. പൊതിച്ചോറിന് കഥയിൽ സവിശേഷസ്ഥാനമുണ്ട്

**പ്രവർത്തനം 1**

ഉത്തരം എഴുതുക

1. "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം".

   ഈ വരികളിലെ ഭാവം?

   പരിഹാസം

   സഹതാപം

   കരുണ

2. "എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ? ഈ വരികളിൽ ദൃശ്യമാകുന്നത്

   - അച്ഛനും മകനും തമ്മിലുള്ള സ്നേഹബന്ധം.
   - ആഹാരത്തോടും ഉറക്കത്തോടുമുള്ള താല്പര്യമില്ലായ്മ
   - സഹായം സ്വീകരിക്കാൻ മനസ്സില്ലാത്തത്

**പ്രവർത്തനം 2**

പട്ടിക പൂർത്തിയാക്കുക

പട്ടിക 1

| | |
|---|---|
| ശ്രദ്ധാഞ്ജലി | ശ്രദ്ധ + അഞ്ജലി |
| മഞ്ഞപ്പുല്ല് | |
| | ഇനി +ഒരിക്കലും |
| | ബലി +കാക്ക |
| തോന്നിയില്ല | |
| | പൊതി +ചോറ് |
| തീവണ്ടിയാപ്പീസ് | |
| കൊലക്കയർ | |
| അകലെയെവിടെയോ | |
| | അങ്ങും + ഇങ്ങും |

പട്ടിക 2

| | |
|---|---|
| തീവണ്ടിമുറി | തീവണ്ടിയിലെ മുറി |
| കാക്കക്കരച്ചിൽ | കാക്കയുടെ കരച്ചിൽ |
| താളഭേദം | |
| ഇരുമ്പഴി | |
| ജന്മസിദ്ധം | |
| പുഴമണൽ | |
| വഴിവിളക്ക് | |

**പ്രവർത്തനം 3**

'വെള്ളായിയേ' മാപ്പിള പറഞ്ഞു.

'മരയ്ക്കാരേ'

വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും അറിഞ്ഞു.'

അർത്ഥപൂർണമായ മൗനം 'കടൽത്തീരത്ത്' എന്ന കഥയുടെ ഭാവസൗന്ദര്യം വർദ്ധിപ്പിക്കുന്നു. പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയാറാക്കുക

**സൂചനകൾ**

- നീലിമണ്ണാത്തിയുമായുള്ള സംഭാഷണം
- കുട്ട്യസ്സൻമാപ്പിളയുമായുള്ള സംഭാഷണം
- ജയിലിനുള്ളിൽ മകനുമായുള്ള സംഭാഷണം

എന്നിവയിൽ മൗനത്തിലൂടെയാണ് ആശയവിനിമയം നടക്കുന്നത്.

വികാരങ്ങളുടെ മൂർദ്ധന്യത്തിൽ വാക്കുകൾ പുറത്തേയ്ക്ക് വരില്ല. ഈ കഥയുടെ ഭാവതലം ദുഃഖപൂർണമാണ്. അർത്ഥപൂർണമായ മൗനം കൊണ്ട് ഭാവതലം സുന്ദരമാകുന്നു

**പ്രവർത്തനം 4**

വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കോടച്ചി വെള്ളായിയപ്പന് വഴിമധ്യേ കഴിക്കാൻ തയ്യാറാക്കി നൽകുന്ന പൊതിച്ചോറ് കഥാന്ത്യത്തിൽ ബലിച്ചോറായി മാറുന്നു.

'കടൽത്തീരത്ത്' എന്ന കഥയിൽ പൊതിച്ചോറ് സവിശേഷമായ സ്ഥാനമുണ്ട്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

1. കഥാഗതിയെ നിയന്ത്രിക്കുന്ന സജീവസാന്നിദ്ധ്യമാണ് പൊതിച്ചോറ്.
2. പൊതിച്ചോറിന്റെ കഞ്ഞിനനവ് വെള്ളായിയപ്പനിൽ വിവിധ ചിന്തകൾ ഉണ്ടാക്കുന്നു.
3. പൊതിച്ചോറുപോലും മകന് നൽകാൻ കഴിയാത്ത വെള്ളായിയപ്പന്റെ നിസ്സഹായത
4. വെള്ളായിയപ്പന്റെ സ്നേഹത്തിന്റെ കരുതൽ

**പ്രവർത്തനം 5**

വെള്ളായിയപ്പൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തി കഥാപാത്രനിരൂപണം തയാറാക്കുക.

**സൂചനകൾ**

- ഗ്രാമീണകർഷകൻ
- നിരക്ഷരൻ
- സാമൂഹികബന്ധം കാത്തുസൂക്ഷിക്കുന്നയാൾ
- സ്നേഹനിധിയായ ഭർത്താവ് , പിതാവ്
- നിഷ്കളങ്കൻ
- പാഴുതറയുമായി ആത്മബന്ധം
- നിസ്സഹായനായ പിതാവ്